# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.239 28/10/2019-ൽ മറുപടിക്ക്

### ഹൃദ്രോഗ നിർണ്ണയവും ചികിത്സയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ഉണ്ണി** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) | സംസ്ഥാനത്ത് ഹൃദ്രോഗികളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഹൃദ്രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ആധുനിക സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും സജ്ജമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ? | ബി) | താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗം നിർണ്ണയിക്കുന്നതിനും പ്രാഥമിക ചികിത്സ നൽകുന്നതിനും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്പെഷ്യാലിറ്റി സേവനങ്ങൾ ശക്തിപ്പെടുത്തി വരുന്നു. Trop T പോലുള്ള ആധുനിക ഉപകരണങ്ങൾ ആരോഗ്യ വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ സംഭരിച്ച് വരുന്നു. കൂടുതൽ സൗകര്യങ്ങൾ ആശുപത്രികളിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എട്ട് ജില്ലാ തല ആശുപത്രികളിലും, രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കിഫ്ബി സാമ്പത്തിക സഹായത്തോടുകൂടി കാത്ത് ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ ദ്രുതഗതിയിൽ നടന്നു വരുന്നു. ഇതിൽ കൊല്ലം ജില്ലാ ആശുപത്രിയിലും, പത്തനംതിട്ട ജനറൽ ആശുപത്രിയിലും, മഞ്ചേരി മെഡിക്കൽ കോളേജിലും കാത്ത് ലാബുകൾ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. 2017-18 സാമ്പത്തിക വർഷത്തിൽ 1200 ലക്ഷം രൂപ കാത്ത് ലാബിനായി ജില്ലാ ആശുപത്രി മാനന്തവാടിക്കും, ഐ.സി.യു സ്ഥാപിക്കുന്നതിനായി താലൂക്ക് ആശുപത്രി അടിമാലിക്കും അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ